PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1959
(Second Meeting)

Friday, the 22nd May 1959.

KERALA LEGISLATURE LIBRARY
Thiruvananthapuram

Vol. VII] OFFICIAL REPORT [No. 57

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 22nd May 1959, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ഫീമെയിൽ വാർഡറന്മാരുടെ ശമ്പളം.

* 1490. [1] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സമയം മറപടി നൽകുമോ:

(എ) 1958 അവസാനംവരെ ഫീമെയിൽ ജയിൽ വാർഡേഴ്സിനു ശമ്പളം എത്ര ഉറപ്പിക്കയായിരുന്നു;

(ബി) 1959-ൽ അവരുടെ ശമ്പളമോ സേവനവ്യവസ്ഥയോ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്തു?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) 35-45 ക.

(ബി) റഗുലർ എസ്റ്റാബ്ലിഷ്മെൻറിൽപ്പെട്ട ഫീമെയിൽ വാർഡേഴ്സിനു ശമ്പളമോ സേവനവ്യവസ്ഥയോ വ്യത്യാസപ്പെടുത്തിയിട്ടില്ല. എന്നാൽ സബ്ജയിലുകളിൽ താൽക്കാലികമായി നിയമിക്കുന്ന ഫീമെയിൽ വാർഡേഴ്സിന്റെ ശമ്പളം ഭേദപ്പെടുത്തിയിട്ടുണ്ട്.

(സി) സബ് ജയിലുകളിൽ സ്ത്രീതടവുകാർ ഉള്ളപ്പോൾമാത്രം അവരെ സൂക്ഷിക്കുന്നതിനു താൽക്കാലികമായി ഫീമെയിൽ വാർഡേഴ്സിനെ നിയമിക്കുകയാണു പതിവു്. ആവശ്യം കഴിയുമ്പോൾ അവരെ പിരിച്ചുവിടും. അവർക്കു മുൻപു കൊടുത്തുവന്നതു 35-45 ക. യാണു്.

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ സേവനം വെറും താൽക്കാലികം മാത്രമായതുകൊണ്ട് മാസശമ്പളം നിശ്ചയിക്കേണ്ട ആവശ്യമില്ലെന്നു തീരുമാനിക്കുകയും 11-12-58-ൽ ശ്രീ. I.25 ദിവസശമ്പളം നിശ്ചയിക്കുകയും ചെയ്തു.

ശ്രീ. ഹസ്സൻ ശനി: 45 രൂപ ശമ്പളത്തിൽ അനേക നാളായി ജോലി ചെയ്യുന്ന ഫീമെയിൻവാർഡേഴ്സും ഉണ്ടെന്നും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഫീമെയിൽ വാർഡേഴ്സിനെ സംബന്ധിച്ചിടത്തോളം 35-45 കൊടുക്കുന്നുണ്ട്. പക്ഷെ സബ്ജയിലുകളിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ളവർക്ക് ഡയിലിവേജസ് മാത്രമേ നിശ്ചയിച്ചിട്ടുള്ളു.

ശ്രീ. കെ. ഹസ്സൻ ശനി: സബ്ജയിലുകളിൽ 45 രൂപ അനേകകാലമായി വാങ്ങിച്ചുകൊണ്ടിരിക്കുന്ന ഫീമെയിൽ വാർഡേഴ്സിനു 1959-നു ശേഷവും അനേകാൽ രൂപമാത്രമേയുള്ളു എന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. സ്ഥിരമായി നിയമിക്കാത്ത സ്ഥിതിക്ക് ''അനേകകാലമായി 45 രൂപ വാങ്ങിക്കൊണ്ടിരിക്കുന്നവർ'' എന്നു പറയുന്നതു ശരിയല്ല. സ്ത്രീതടവുകാർ ഉള്ളപ്പോൾ മാത്രമാണ് നിയമിക്കാറുള്ളത്. അതു താൽക്കാലികനിയമനമായിരിക്കുമല്ലോ.

ശ്രീ. കെ. ഹസ്സൻ ശനി: എറണാകുളം സബ്ജയിലിലും മറ്റു സബ്ജയിലുകളിലും ഫീമെയിൽ വാർഡേഴ്സ് ഉണ്ടെന്നു ഞാൻ പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി വിശ്വസിക്കുമോ?

ശ്രീ വി. ആർ. കൃഷ്ണയ്യർ: വിശ്വസിക്കാം. പക്ഷെ: അവശ്യമുണ്ടോ എന്നാണ് നോക്കേണ്ടതു.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഉച്ചഭക്ഷണം കൊടുക്കുന്ന ഏർപ്പാടു മാറ്റിയിട്ട് അതിനുപകരം എന്തെങ്കിലും അലവൻസ് കൊടുക്കാൻ നിർദ്ദേശിക്കുമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: അവർ സ്ഥലത്തുതന്നെ ഉണ്ടായിരിക്കണം. അതുകൊണ്ടാണ് ഉച്ചഭക്ഷണം കൊടുക്കുന്നതു. അലവൻസ് കൊടുക്കുകയാണെങ്കിൽ അവർ സ്ഥലത്തുണ്ടായിരിക്കണമെന്ന ഉദ്ദേശം സാധിക്കുകയില്ലെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർ ആലോചിക്കണം.

കടത്തുചാർജ്ജ്

* 1491. [2] ശ്രീ. എൻ. ശിവൻപിള്ള: തെഴ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ കടത്തു ഇറങ്ങുന്നതിനു സഞ്ചാരികളിൽനിന്നു ചാർജ്ജു ഈടാക്കുന്നതു ഏതു ഭാഗങ്ങളിൽ; ഈടാക്കാത്ത പ്രദേശം ഏതു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

പഴയ കൊച്ചിയിലും മലബാറിലും മുഴുവൻ സമയവും പ്രവർത്തിക്കുന്ന എല്ലാ കടത്തുകടവുകളിലും ചാർജ്ജു ഈടാക്കുന്നുണ്ട്. തിരുവിതാംകൂർ പ്രദേശത്തു എല്ലാകടത്തുകടവുകളിലും കൊച്ചിയിൽ ആറു സീസനൽ കടത്തുകടവുകളിലും ചാർജ്ജു ഈടാക്കുന്നില്ല.

ശ്രീ. എൻ. ശിവൻ പിള്ള: സംയോജനത്തിനുശേഷവും ഈ വ്യത്യാസം മാറാതെതു എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly